"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. അരുൺ.പി.ആർ-ന് പ്രത്യേക അവശതാവധി അനുവദിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്.

സ.ഉ.(സാധാ) നം.404/2023/F&WLD തീയതി, തിരുവനന്തപുരം, 25-10-2023.

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05.10.2023 ലെ ഇ8-5123/2023 നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ തൃശ്ശൂർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ആന്റ് പ്രൊട്ടക്ഷൻ ഓഫീസിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. അരുൺ. പി.ആർ ന് 30.04.2023 മുതൽ 10.06.2023 വരെ 42 ദിവസത്തേയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. തൃശ്ശൂർ പൂരം സ്പെഷ്യൽ ഡ്യൂട്ടി കഴിഞ്ഞു മടങ്ങവേ ചെമ്പൂക്കാവ് ഭാഗത്ത് വച്ച് ശ്രീ. അരുൺ.പി.ആർ സഞ്ചരിച്ചിരുന്ന ബൈക്ക് അപകടത്തിൽപ്പെടുകയും ബൈക്കിൽ നിന്ന് വീണ് ടിയാന്റെ ഷോൾഡർ എല്ലിന് ഡിസ് ലൊക്കേഷൻ സംഭവിക്കുകയും ചെയ്തിരുന്നു. ടിയാന് അപകടം സംഭവിച്ചത് ഔദ്യോഗിക ഡ്യൂട്ടിക്കിടെയാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ദയ ജനറൽ ഹോസ്പിറ്റൽ ലിമിറ്റഡ് & സ്പെഷ്യാലിറ്റി സർജിക്കൽ സെന്ററിൽ നിന്നും ഡോക്ടർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, തൃശ്ശൂർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ആന്റ് പ്രൊട്ടക്ഷൻ ഓഫീസിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. അരുൺ. പി.ആർ ന് 30.04.2023 മുതൽ 10.06.2023 വരെ 42 ദിവസത്തേയ്ക്ക്, കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം).

ശ്രീ. അരുൺ.പി.ആർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 25-10-2023 13:00:42

സെക്ഷൻ ഓഫീസർ